**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **16-09-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അർഹമായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം - 2013, പ്രകാരമാണ് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് മുൻഗണനാ പരിധി നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കേരള സംസ്ഥാനത്തിനു നിശ്ചയിച്ച് നൽകിയിട്ടുള്ള മുൻഗണനാ കാർഡുകളുടെ എണ്ണം 15480040 ആണ്. 2011- ലെ സെൻസസ് പ്രകാരമാണ് ഈ പരിധി നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ ജനസംഖ്യാ ആനുപാതികമായി മുൻഗണനാ പരിധി നിശ്ചയിക്കുന്നതിനു കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പരിധി നിശ്ചയിച്ചിട്ടുള്ളതിനാലാണ് അർഹരായ മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്തത്. എന്നിരുന്നാലും അനർഹരെ ഒഴിവാക്കുന്നതു വഴി ഉണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തി മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുക്കാട് മണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിലായി എത്ര കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുക്കാട് നിയോജക മണ്ഡലത്തിൽ ആകെ 606 AAY കാർഡുകളും 3416 PHH കാർഡുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം **അനുബന്ധം** ആയി ചേർക്കുന്നു. |

**അനുബന്ധം**

| പഞ്ചായത്ത് | AAY | PHH |
|---|---|---|
| പുതുക്കാട് | 46 | 177 |
| പറപ്പൂക്കര | 39 | 311 |
| തൃക്കൂർ | 49 | 331 |
| അളഗപ്പനഗർ | 60 | 461 |
| നെൻമണിക്കര | 51 | 267 |

| | | |
|---|---|---|
| വല്ലച്ചിറ | 27 | 219 |
| വരന്തരപ്പിള്ളി | 153 | 862 |
| മറ്റത്തൂർ | 181 | 788 |
| ആകെ | 606 | 3416 |

സെക്ഷൻ ഓഫീസർ